"ഭരണഭാഷ – മാതൃഭാഷ"

E.12501/2020

കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റവും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക പ്രൊമോഷനും നൽകി - പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ) നം.137/2020/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം, 06/03/2020**

പരാമർശം:- 1) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 07/02/2020 തീയതിയിലെ ഡിഇഎസ്/193/2020 നമ്പർ കത്ത്.

2) 05/03/2020 ലെ സ.ഉ.(സാധാ) നം.134/2020/പ്ലാനിംഗ്

## ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ശ്രീ.ഡി.എസ്.ഷിബുകുമാർ, ശ്രീ.സി.കെ.മുജീബ് റഹ്മാൻ എന്നീ ഡെപ്യൂട്ടി ഡയറക്ടർമാരുടെ അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്നതിനും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ റിസർച്ച് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.വി.എൻ.ദിനേശ്, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള ഉദ്യോഗസ്ഥരിൽ ഇനി രണ്ടാമത്തെ ആളാണെന്നും എന്നാൽ ഭരണപരമായ കാരണങ്ങളാൽ 2020 വർഷത്തേക്കുള്ള ഹയർ ഡി.പി.സി വകുപ്പിൽ കൂടിയിട്ടില്ലാത്ത സാഹചര്യത്തിൽ 30/04/2020-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ശ്രീ.വി.എൻ.ദിനേശിന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ അനുവദിക്കണമെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30/04/2020-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ശ്രീ.വി.എൻ.ദിനേശിന് വിരമിക്കുന്നതിന് ആറ് മാസത്തിൽ കുറഞ്ഞ കാലയളവ് മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ പ്രൊവിഷണൽ പ്രൊമോഷന് നിലവിലുള്ള നിരോധനത്തിൽ ഇളവ് വരുത്തി ശ്രീ.വി.എൻ.ദിനേശിനും ടിയാന്റെ സീനിയറായ ശ്രീമതി.മിനി തോമസിനും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് (കെ.എസ്സ്.&എസ്സ്.എസ്സ്.ആർ) റൂൾ 31(a)(i) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് 40500 - 85000 ശമ്പള നിരക്കിൽ താൽക്കാലിക പ്രൊമോഷൻ നൽകി ചുവടെ ചേർക്കും പ്രകാരം നിയമനം നൽകികൊണ്ടും ശ്രീ.ഡി.എസ്.ഷിബുകുമാർ, ശ്രീ.സി.കെ.മുജീബ് റഹ്മാൻ എന്നീ ഡെപ്യൂട്ടി ഡയറക്ടർമാരുടെ അപേക്ഷകൾ പരിഗണിച്ച് ചുവടെ പറയും പ്രകാരം സ്ഥലംമാറ്റം നൽകി കൊണ്ടും ഉത്തരവാകുന്നു.

**സ്ഥാനക്കയറ്റം**

| ക്രമ നം. | പേര്, നിലവിലെ ഔദ്യോഗിക മേൽവിലാസം | പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിക്കുന്ന തസ്തികയും ഓഫീസും |
|---|---|---|
| 1 | ശ്രീമതി. മിനി തോമസ്, റിസർച്ച് ഓഫീസർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഐ. ഡി. ആർ. ബി , വികാസ് ഭവൻ (ശ്രീ. ബി. ബെഡിസ്സൻ വിരമിച്ച ഒഴിവിൽ) |
| 2 | ശ്രീ . ദിനേശ് വി . എൻ , റിസർച്ച് ഓഫീസർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് , ജില്ലാ ഓഫീസ്, എറണാകുളം | അസിസ്റ്റന്റ് ഡയറക്ടർ (വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്) (എസ് . എസ് . എസ് . പി വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന തസ്തിക) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം . ( ശ്രീ . ജി . മണികണ്ഠൻ പിള്ള വിരമിച്ചതിനെ തുടർന്നുള്ള ഒഴിവിൽ) |

**സ്ഥലംമാറ്റം**

| ക്രമ നം. | പേര്, നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ. ഡി. എസ് . ഷിബുകുമാർ മാനേജർ ( ഇ . ഐ ) ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.(അപേക്ഷ പ്രകാരം) | ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ വിഭാഗം), സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം (ശ്രീ.സി.ആർ.വിശ്വനാഥൻ വിരമിച്ച ഒഴിവിൽ) |
| 2 | ശ്രീ. സി. കെ. മുജീബ് റഹ്മാൻ, മാനേജർ (ഇ. ഐ), ജില്ലാ വ്യവസായ കേന്ദ്രം , വയനാട് (അപേക്ഷ പ്രകാരം) | മാനേജർ (ഇ. ഐ) ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം (ശ്രീ. ഡി. എസ്. ഷിബുകുമാറിന് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്ന് നിലവിൽ വരുന്ന ഒഴിവിൽ) |

പരാമർശം 2-ലെ ഉത്തരവ് റദ്ദ് ചെയ്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഉദയകുമാർ എ.ആർ.**

**അണ്ടർ സെക്രട്ടറി**

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന)

3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/എറണാകുളം/മലപ്പുറം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

മേലെഴുത്ത് നം. സിഇഎസ്/193/2020-ഇബി 1, തീയതി: 10/03/2020.

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ഡയറക്ടർക്കു വേണ്ടി.

ഡെപ്യൂട്ടി ഡയറക്ടർ,
കമ്പ്യൂട്ടർ വിഭാഗം.